## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 77 — 04.02.2013 ൽ മറുപടിയ്ക്ക്

### ഗാഡ്ഗിൽ കമ്മിറ്റി ശുപാർശകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പാലോട് രവി<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.കെ.അച്ചുതൻ<br>ശ്രീ.ലൂഡി ലൂയിസ് | ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) ഗാഡ്ഗിൽ കമ്മിറ്റിയുടെ ശുപാർശകൾ പഠിക്കുന്നതിനും, തെളിവെടുപ്പ് നടത്തുന്നതിനും സമിതി സംസ്ഥാനത്ത് സന്ദർശനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) ഉണ്ട്. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കുന്നതു പരിശോധിക്കുന്നതിനായി ശ്രീ.കസ്തൂരിരംഗൻ അദ്ധ്യക്ഷനായി രൂപീകരിച്ച ഹൈ ലെവൽ വർക്കിംഗ് ഗ്രൂപ്പ് 2013 ജനുവരി മാസത്തിൽ (18, 19 തീയതികളിൽ) സംസ്ഥാനം സന്ദർശിച്ചു. ആതിരപ്പള്ളി ജലവൈദ്യുത പദ്ധതി പ്രദേശവും സമിതി സന്ദർശിച്ചിട്ടുണ്ട്. |
| (ബി) സമിതി സംസ്ഥാനത്ത് ആരെല്ലാമായാണ് ചർച്ച നടത്തിയിട്ടുള്ളത്; വിശദമാക്കുമോ; | (ബി) മുഖ്യമന്ത്രിയും ബന്ധപ്പെട്ട മന്ത്രിമാർ, സെക്രട്ടറിമാർ, ബന്ധപ്പെട്ട വകുപ്പു തലവന്മാർ, രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ എന്നിവരുമായാണ് സമിതി പ്രധാനമായും ചർച്ച നടത്തിയത്. ചർച്ചയിൽ, ഗാഡ്ഗിൽ റിപ്പോർട്ടിലെ ശുപാർശകളിൽ സംസ്ഥാനത്ത് നടപ്പാക്കാവുന്നവയും അല്ലാത്തവയും, ശുപാർശകൾ അതേപടി നടപ്പാക്കിയാൽ ഉണ്ടാകാവുന്ന വരുംവരായ്കകൾ എന്നിവ സംബന്ധിച്ചുള്ള അവരവരുടെ അഭിപ്രായങ്ങൾ പ്രതിനിധികൾ സമിതിയെ ധരിപ്പിച്ചു. |
| (സി) ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിൽ സംസ്ഥാനത്തെ ദോഷകരമായി ബാധിക്കുന്ന നിർദ്ദേശങ്ങളിൽ പുന:പരിശോധന വേണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (സി) ഉണ്ട്. സംസ്ഥാനത്ത് നിലവിലുള്ള സാമൂഹ്യ സാഹചര്യങ്ങൾ, ഉയർന്ന ജനസാന്ദ്രത, ഭൂമിയുടെ ലഭ്യതകുറവ്, വനസംരക്ഷണത്തിനും പാരിസ്ഥിതിക സംരക്ഷണത്തിനുമായി നിലവിലുള്ള നിയമങ്ങ |

ളുടെ പര്യാപ്തത, ശുപാർശകൾ വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നത്, ഭൂവിനിയോഗ നിയന്ത്രണം എന്നിവ കണക്കിലെടുത്ത് റിപ്പോർട്ട് അതേപടി നടപ്പാക്കുക അസാദ്ധ്യമാണെന്നതാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിന്മേലുള്ള സർക്കാർ നിലപാട് വിശദമാക്കുന്ന ഒരു മെമ്മോറാണ്ടം ഹൈ ലവൽ വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

(ഡി) ഇതു സംബന്ധിച്ച് സമിതി എന്തെല്ലാം ഉറപ്പുകൾ നൽകിയിട്ടുണ്ട്; വിശദമാക്കുമോ ?

(ഡി) ഇടുക്കി, വയനാട് ജില്ലകൾ സന്ദർശിക്കണമെന്ന ആവശ്യം പരിഗണിച്ച സമിതി ഇടുക്കി ജില്ല സന്ദർശിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ ചർച്ചയിൽ ഉയർന്നുവന്ന അഭിപ്രായങ്ങൾ അതാതിന്റെ അർഹതയുടെ അടിസ്ഥാനത്തിൽ സമിതി റിപ്പോർട്ടിൽ പ്രതിഫലിക്കുന്നതാണെന്നും സമിതി ചർച്ചാവേളയിൽ പരാമർശിക്കുകയുണ്ടായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ